**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 484** **17-03-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ് ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വർണ്ണ വ്യാപാര മേഖലയിൽ നിന്നും സമാഹരിക്കുന്ന ജി.എസ്.ടി. എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ജി.എസ്.ടി സമ്പ്രദായത്തിന്റെ തുടക്കത്തിൽ വിഭാവനം ചെയ്ത റിട്ടേൺ സമ്പ്രദായം പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതുകാരണം ചരക്കുകളുടെ ഇനം തിരിച്ചുള്ള കൃത്യമായ നികുതിയടവ് സംബന്ധിച്ചുള്ള വിവരങ്ങൾ നിലവിൽ ലഭ്യമാകാത്ത സ്ഥിതിയാണ്. സംസ്ഥാനത്ത് വാറ്റ് നികുതി കാലഘട്ടത്തിൽ സ്വർണ്ണത്തിനു 5 ശതമാനം ആയിരുന്നു നികുതി നിരക്ക്. ജി.എസ്.ടി നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സ്വർണ്ണത്തിനു നികുതി നിരക്ക് 3 ശതമാനം ആയിട്ടാണ് നിർണ്ണയിച്ചത്. ഇതിന്റെ പകുതി മാത്രമേ സംസ്ഥാനത്തിന് ലഭ്യമാകുകയുള്ളു. |
| (ബി) | ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പ് ഈ മേഖലയിൽ നിന്നും സമാഹരിക്കുവാൻ സാധിച്ചിരുന്ന നികുതി എത്രയായിരുന്നുവെന്ന് വിശദമാക്കുമോ; | (ബി) | ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പ് ഈ മേഖലയിൽ നിന്നും സമാഹരിക്കുവാൻ സാധിച്ചിരുന്ന വാറ്റ് നികുതി 2016-17 സാമ്പത്തിക വർഷത്തിൽ 629.65 കോടി രൂപയാണ്. |
| (സി) | ജി.എസ്.ടി. സംവിധാനത്തിലെ പോരായ്മകളും അപ്പീൽ തീർപ്പാക്കുന്നതിനായി ഫെഡറൽ സംവിധാനത്തിന് യോജിച്ച നിലയിൽ ട്രൈബ്യൂണലുകൾ രൂപീകരിക്കുന്നതിൽ നേരിടുന്ന പ്രതിസന്ധികളും ഈ മേഖലയിൽ നിന്നും വരുമാന നഷ്ടം ഉണ്ടാകുന്നതിന് കാരണമായിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ജി.എസ്.ടി റിട്ടേൺ സംവിധാനത്തിലെ അപര്യാപ്തത ജി എസ് ടി യുടെ തുടക്കം മുതൽ പല പ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. ജി എസ് ടി യുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന റിട്ടേൺ സംവിധാനം പൂർണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഐ ജി എസ് ടി സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി എസ് ടി കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ജി എസ് ടി സംവിധാനത്തിലെ പോരായ്മകൾ പ്രതീക്ഷിച്ച തോതിൽ നികുതി വരുമാനം വർധിക്കാത്തതിനു ഒരു കാരണമായിട്ടുണ്ട്. ജി എസ് ടി യുടെ തുടക്കത്തിൽ നിയമത്തിലുണ്ടായിരുന്ന നാഷണൽ ബെഞ്ച്, സ്റ്റേറ്റ് ബെഞ്ച് എന്ന ആശയം ഒഴിവാക്കി ഒരു പ്രിൻസിപ്പൽ ബെഞ്ചും ജനസംഖ്യാടിസ്ഥാനത്തിൽ അഡീഷണൽ |

| | | | |
|---|---|---|---|
| | | | ബെഞ്ചുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള അപ്പലേറ്റ് ട്രിബ്യൂണൽ എന്ന ഭേദഗതിയാണ് 18. 02.2023 ൽ നടന്ന 49-)മത് ജി. എസ്. ടി. കൗൺസിലിലെ അജണ്ടയിൽ അവതരിപ്പിക്കപ്പെട്ടത്. കേരളം ഈ നീക്കത്തെ ശക്തമായി എതിർക്കുകയും മറ്റ് പല സംസ്ഥാനങ്ങളും ഇതേ നിലപാട് പിന്തുടരുകയും ചെയ്തതിന്റെ ഫലമായി ഇതിൽ മാറ്റങ്ങൾ വരുത്തുകയും 'സ്റ്റേറ്റ് ബെഞ്ച്'' എന്ന ആശയത്തിലേക്ക് തിരികെ പോവുകയും ചെയ്തു. അവതരിപ്പിച്ച ഭേദഗതിയിൽ നിന്നും വ്യത്യസ്തമായി സ്റ്റേറ്റ് ബെഞ്ചിലേക്കുള്ള "ടെക്നിക്കൽ മെമ്പർ (സ്റ്റേറ്റ്)'' നെ തെരഞ്ഞെടുക്കുവാനുള്ള പാനൽ നിർദ്ദേശിക്കുവാനുള്ള അവകാശം സംസ്ഥാനത്തിലെ ഉന്നത ഉദ്യോഗസ്ഥന്മാർ കൂടി ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റിയിൽ നിക്ഷിപ്തമാക്കുന്ന തരത്തിൽ മാറ്റം വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നിരുന്നാലും സ്റ്റേറ്റ് ബെഞ്ചുകൾ സ്ഥാപിക്കുന്നതിനുള്ള പൂർണമായ അധികാരം സംസ്ഥാനങ്ങൾക്കു നിക്ഷിപ്തമാകണം, Place of supply യുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്ന പ്രിൻസിപ്പൽ ബെഞ്ചിനു മേഖല അടിസ്ഥാനത്തിൽ ബ്രാഞ്ചുകൾ ഉണ്ടാകണം തുടങ്ങിയ ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടിട്ടില്ല. |
| (ഡി) | സ്വർണ്ണത്തിനും മറ്റ് വിലപിടിപ്പുള്ള ലോഹങ്ങൾക്കും ഇ-വേ ബിൽ ബാധകമാക്കുന്നതിലൂടെ ഒരളവുവരെ വരുമാന നഷ്ടം തടയുവാൻ സാധിക്കുമോ; ഇ-വേ ബിൽ നടപ്പിലാക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | സ്വർണ്ണത്തിനും മറ്റ് വിലപിടിപ്പുള്ള ലോഹങ്ങൾക്കും ഇ-വേ ബിൽ ബാധകമാക്കുന്നതിലൂടെ സ്വർണ്ണ വെട്ടിപ്പ് തടയാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സ്വർണ്ണം ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള ലോഹങ്ങളുടെ ചരക്കു നീക്കങ്ങൾക്കു ഇ-വേ ബിൽ ഏർപ്പെടുത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം ജി എസ് ടി കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ജി എസ് ടി ചട്ട ഭേദഗതിയുടെ കരട്, ജി എസ് ടി കൗൺസിലിന്റെ പരിഗണനയിലാണ് . |

സെക്ഷൻ ഓഫീസർ